# തിരുവനന്തപുരം കോർപ്പറേഷൻ

H18/50628/08 4.07.08

## പ്രസിദ്ധീകരണത്തിന്

**പൊതുനിരത്തിൽ മാംസാവശിഷ്ടങ്ങൾ തള്ളിയ വാഹന ഉടമയ്ക്കെതിരെ നഗരസഭ നടപടി സ്വീകരിച്ചു.**

തിരുവനന്തപുരം നഗരസഭാ പരിധിയിൽപ്പെടുന്ന നേമം വെള്ളായണി ജംഗ്ഷനിൽ ഉദ്ദേശം 50 കിലോയോളം വരുന്ന മാംസാവശിഷ്ടങ്ങൾ അലക്ഷ്യമായി വലിച്ചെറിഞ്ഞ് വാഹനത്തിൽ കടന്നുകളയാൻ ശ്രമിച്ച നേമം, പൊന്നുമംഗലം സ്വദേശിയായ ശ്രീ.സുബൈറിനെ (റ്റി.സി 53/317, അനീഷാ മൻസിൽ) നേമം ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.ഫ്രാൻസിസ്‌രാജിന്റെ നേതൃത്വത്തിലുള്ള ഹെൽത്ത് സ്ക്വാഡ് പിൻതുടർന്ന് പിടികൂടുകയും മാലിന്യം വലിച്ചെറിഞ്ഞതിന് 250/- രൂപ പിഴയും അവശിഷ്ടം നീക്കംചെയ്യുന്നതിന് ടിയാനിൽ നിന്ന് 1000/ രൂപയും നഗരസഭ ഈടാക്കി.

പൊതു നിരത്തുകളിൽ അലക്ഷ്യമായി മാലിന്യങ്ങളും മാംസാവശിഷ്ടങ്ങളും വലിച്ചെറിയുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുമെന്ന് കോർപറേഷൻ സെക്രട്ടറി ജോൺസൺ കെ ജോർജ്ജ് ഐ.എ.എസ് അറിയിച്ചു.

സെക്രട്ടറി